3. ഫിനെയിൽ കിറ്റോന്യൂറിയ

4. ജി 6 പി.ഡി. ഡെഫിഷ്യൻസി

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നാൽപ്പത്തിനാല് സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പി.എച്ച്. ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. പ്രത്യേകതരം ഫിൽറ്റർ പേപ്പറുകളിൽ ശേഖരിക്കുന്ന രക്തസാമ്പിളുകൾ പി.എച്ച്.ലാബുകളിൽ പരിശോധിച്ച് ആയതിന്റെ റിസൾട്ട് രക്തസാമ്പിളുകൾ ലഭിച്ച ആശുപത്രികളിലേയ്ക്ക് ഇ-മെയിൽവഴിയും ഫോൺ മുഖാന്തരവും അറിയിക്കുന്നു. റിസൾട്ട് പ്രകാരം കുഞ്ഞിന് അടിയന്തര ചികിത്സ ആശുപത്രികളിൽ നൽകുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളാലുണ്ടാകുന്ന ബുദ്ധിമാന്ദ്യം പോലുള്ള അവസ്ഥ ഒഴിവാക്കാൻ കഴിയും.

(സി) കേരളത്തിലെ പി.എച്ച്.സി.-കളിൽ ഇപ്പോൾ പ്രസവം നടക്കുന്നില്ല. ആയതിനാൽ പി.എച്ച്.സി.-കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

44 (4847) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2015-16 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ഡി) പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിയുള്ള അംഗീകാരം അടിയന്തരമായി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2015-16 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ 22-1-2015-ലെ പി. എൽ.ബി1-89689/2014/ആ.വ.ഡ നമ്പർ കത്ത് പ്രകാരം മറ്റ് 17 പ്രൊപ്പോസലു കളോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകളിൽ നബാർഡ് നിഷ്കർഷി ച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം വിശദാംശങ്ങൾ ഉൾപ്പെടെ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ 129921/പി3/2015/ആ.കു.വ എന്നാണ്.

(ഡി&ഇ) ആധുനികരീതിയിൽ രൂപകല്പന ചെയ്ത അഞ്ച് നിലകളുള്ള ഒരു പുതിയ കെട്ടിടമാണ് പ്രസ്തുത പ്രൊപ്പോസൽ പ്രകാരം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി നിർമ്മാണ പ്രവൃത്തിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ പകർപ്പും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ പ്രൊപ്പോസൽ നബാർഡിന് സമർപ്പിക്കാൻ കഴിയുകയുള്ളൂ.

(എഫ്) പ്രസ്തുത പദ്ധതിക്കുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ റിക്കാർഡ് ലൈബ്രറി

45 (4848) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ മെഡിക്കൽ റിക്കാർഡ് ലൈബ്രറി പ്രവർത്തിക്കുന്ന ആശുപത്രികൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ പുതുതായി എവിടെയെല്ലാം മെഡിക്കൽ റിക്കാർഡ് ലൈബ്രറിയും അനുബന്ധ തസ്തികയും അനുവദിച്ചിട്ടുണ്ട് ; ആയത് ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത് ;

(സി) മെഡിക്കൽ റിക്കാർഡ് ലൈബ്രറി/തസ്തിക ഇല്ലാത്ത താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്/താലൂക്ക് ആശുപത്രികൾ ഏതെല്ലാം ;